പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

02.07.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. *140

## ബില്ലിംഗ് സിസ്റ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ഗുരുദാസൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ.പി.ടി.എ. റഹീം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) ഈ സാമ്പത്തിക വർഷാരംഭം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്ക് നാലാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന സംസ്ഥാന ബജറ്റ് വിഹിതം നേരിട്ട് സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ലഭ്യമാക്കുന്ന രീതി നടപ്പിലാക്കിയിരിക്കുകയാണ്. ഇതനുസരിച്ച് വികസന ത്തിനും അഭിവൃദ്ധിക്കുമായുള്ള ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർ പ്രത്യേകം ഒരുക്കിയിട്ടുള്ള "സാംഖ്യ" കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന കണ്ടിജന്റ് ബിൽ, വൗച്ചറുകൾ ക്കൊപ്പം ട്രഷറിയിൽ ഹാജരാക്കേണ്ടതുണ്ട്. പൊതു ആവശ്യഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിനു ട്രഷറി ചെക്കു മതിയാകും. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുസൃതമായ ഫണ്ട് വിനിയോഗം ഉറപ്പാക്കുമെന്ന് 2013-14 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ; | ബി) 2013-14 ലെ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട ധനമന്ത്രി "ഗ്രാമപഞ്ചായത്തുകൾ ശക്തിപ്പെടുത്തുന്നതിനായി താഴേത്തട്ടിൽ ധനലഭ്യത വർദ്ധിപ്പിക്കുന്ന നയം അഭംഗുരം തുടരും" എന്നു പ്രഖ്യാപിച്ചിരുന്നു. |
| സി) ബില്ലിംഗ് സിസ്റ്റം ഇതിന് അനുസരിച്ചുള്ളതാണോ;<br>ഡി) പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് ട്രഷറി നിയന്ത്രണങ്ങൾക്ക് വിധേയമാക്കുന്നതും അവയെ ഇതര സർക്കാർ | സി) & ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ രീതിയിൽ ഫണ്ട് പിൻവലിക്കുന്നത് അവയുടെ 'ഫണ്ട് വിനിയോഗ'ത്തിനു യാതൊരു തടസ്സവും സൃഷ്ടിക്കുന്നില്ല. പഞ്ചായത്തുകൾക്ക് മൂന്നു മാസങ്ങൾ |

വകുപ്പുകളെപ്പോലെ ആക്കുന്നതും അവയുടെ സ്വയംഭരണ പദവിയെ എങ്ങനെയാണ് ബാധിക്കുന്നത്; ഇതിന് ഒരു മാറ്റം വരുത്താൻ തയ്യാറാകുമോ?

വീതം മുൻകൂറായി പദ്ധതിപ്പണത്തിന്റെ അലോട്ട്മെന്റ്, അതായത് മാർച്ച് 25-ാം തീയതിക്കു മുമ്പും ജൂലൈ, നവംബർ മാസങ്ങളിലുമായി നൽകുന്നുണ്ട്. ആയതിനാൽ പുതിയ രീതി പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനെയോ സ്വയം ഭരണ പദവിയെയോ ബാധിക്കുന്നതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ